# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 92      10/12/2012 ൽ മറുപടിക്ക്

## പി.എസ്.സി. നിയമനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) 2011 ജൂൺ ഒന്നു മുതൽ 2012 ഒക്ടോബർ 31 വരെ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിലും വിവിധ പൊതു മേഖലാ സ്ഥാപനങ്ങളിലും നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ; | (എ) 18.05.2011 മുതൽ 31.10.2012 വരെ പി.എസ്.സി.യിൽ നിന്ന് വിവിധ തസ്തികകളിലേക്കായി 42212 പേർക്ക് നിയമന ശിപാർശ നല്കിയിട്ടുണ്ട്. |
| (ബി) ഉദ്യോഗാർത്ഥികൾക്കു നിയമനം നൽകുന്നതിനായി ഇക്കാലയളവിൽ എത്ര സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) 2011-2012 സാമ്പത്തിക വർഷത്തിൽ 6198 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചതായി നിയമനാധികാരികൾ അറിയിച്ചിട്ടുണ്ട്. |
| (സി) പെൻഷൻ പ്രായം 56 ആയി വർദ്ധിപ്പിച്ചതിനെത്തുടർന്ന് ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനായി ഓരോ വകുപ്പിലും വിവിധ വിഭാഗങ്ങൾ എത്ര സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുവെന്നും, എത്ര സൂപ്പർന്യൂമററി തസ്തികകൾ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ടു ചെയ്തുവെന്നും തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ? | (സി) പെൻഷൻ ഏകീകരണം നിർത്തലാക്കുകയും പെൻഷൻ പ്രായം 56 ആയി വർദ്ധിപ്പിച്ചതിനെയും തുടർന്ന് ജീവനക്കാർ അതാതു മാസം വിരമിക്കുന്നതിനാൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കാൻ നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ ലഭ്യമായ ഒഴിവുകളും, 2013 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ